## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 185 — <u>23.01.2014-ൽ മറുപടിക്ക്</u>

### <u>ചെക്ക് പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ, എം.എൽ.എ<br>ശ്രീ. പി.എ.മാധവൻ, എം.എൽ.എ<br>ശ്രീ.വി.ഡി.സതീശൻ, എം.എൽ.എ<br>ശ്രീ. പാലോട് രവി, എം.എൽ.എ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ ഗതാഗതം കൂടുതലുള്ള 34 ചെക്ക്പോസ്റ്റുകളിൽ E-declaration സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിലവിലുള്ള ചെക്ക്പോസ്റ്റുകളുടെ പേരുവിവരം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) & (സി) | പ്രസ്തുത സംവിധാനം വഴി ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന സുഗമമാക്കുന്നതിനും ബില്ലുകൾ പരിശോധിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്താനെടുത്തിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും കഴിയുന്നു. സംസ്ഥാനത്തിനകത്തേക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ആട്ടോമാറ്റിക്കായി ഡീലർമാരുടെ ഫോൾഡറിൽ വരുമെന്നതിനാൽ നികുതി നിർണ്ണയ അധികാരിക്ക് വ്യാപാരി ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് പരമാവധി തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.<br>ചെക്ക്പോസ്റ്റുകളിലെത്തുന്ന വാഹനങ്ങൾ E-declaration ചെയ്യുന്നതുമൂലം കൊണ്ടുവരുന്ന ചരക്കുകളുടെ മുഴുവൻ വിവരവും ഉടൻതന്നെ അതത് അസ്സസിംഗ് ഓഫിസർമാർക്ക് കമ്പ്യൂട്ടറിലൂടെ പരിശോധിക്കാൻ കഴിയുന്നു. അതുവഴി അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ചരക്കുകളുടെ |
| (സി) | സംസ്ഥാനത്തിന്റെ നികുതിവരുമാനം വർദ്ധിപ്പിക്കുവാനും ചെക്ക് പോസ്റ്റുകളിലെ ഗതാഗതകുരുക്ക് നിയന്ത്രിക്കുവാനും എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ വ്യാപാരിക്ക് ഒഴിവാക്കാൻ സാധിക്കാതെ വരുന്നു. അങ്ങനെ നികുതിച്ചോർച്ച ഒഴിവാക്കുകയും നികുതി വരുമാനം വർദ്ധിക്കുകയും ചെയ്യുന്നു. ബില്ലുകൾ പരിശോധിച്ച് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കി വാഹനങ്ങൾ വേഗത്തിൽ കടത്തിവിടാൻ കഴിയുന്നതുകൊണ്ട് ചെക്കുപോസ്റ്റുകളിലുണ്ടാകുന്ന ഗതാഗതക്കുരുക്കിന് ഒരു ശാശ്വത പരിഹാരമാണ് E-declaration സംവിധാനം. |
| (ഡി) | തലസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | തലസ്ഥാനത്തെ ഗതാഗതം കൂടുതലുള്ള താഴെപ്പറയുന്ന 8 ചെക്ക്പോസ്റ്റുകളിൽ E-declaration സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്:-<br>1) അമരവിള, 2) ഉച്ചക്കട, 3) കഞ്ചൻപഴഞ്ഞി (മാവാലിക്കടവ്), 4) കളളിക്കാട്, 5) പാലക്കടവ്, 6) പിറയിൻമൂട്, 7)പെരുംപഴുതൂർ, 8) മണ്ഡപത്തിക്കടവ്. |

സെക്ഷൻ ഓഫീസർ

ശാരാശരി

COMMERCIAL TAXES DEPARTMENT, KERALA STATE

Annexure-I

ONLINE ENTRY CHECKPOST
&
E-Declaration Check post

| Sl.No | Name of Check Post | District |
|---|---|---|
| 1 | Amaravila | Tvpm |
| 2 | Aryankavu | Kollam |
| 3 | Kumily | Idukki |
| 4 | Walayar | Palakkad |
| 5 | Govindapuram | Palakkad |
| 6 | Meenakshipuram | Palakkad |
| 7 | Gopalapuram | Palakkad |
| 8 | Nadupunni | Palakkad |
| 9 | Velanthavalam at Kozhipara | Palakkad |
| 10 | Vazhikadavu | Malapuram |
| 11 | Feroke (Internal) | Kozhikode |
| 12 | Muthunga | Wayanad |
| 13 | Koottupuzha | Kannur |
| 14 | Bengra Mengeshwar | Kasargode |
| 15 | Uchakkada | Tvpm |
| 16 | Chemmanampathy | Palakkad |
| 17 | Athikode | Palakkad |
| 18 | Kannimari | Palakkad |
| 19 | Menonpara | Palakkad |
| 20 | Cumbemmettu | Idukki |
| 21 | Bodimettu | Idukki |
| 22 | Perala | Kasargode |
| 23 | Adhur | Kasargode |
| 24 | Kanchanpazhanji (Mavalikadavu) | Tvpm |
| 25 | Kallikkad | Tvpm |
| 26 | Palakadavu | Tvpm |
| 27 | Pirayinmoodu | Tvpm |
| 28 | Perumpazhuthur | Tvpm |
| 29 | Mandapathinkadavu | Tvpm |
| 30 | Beyar | Kasargode |
| 31 | Anamooly | Palakkad |
| 32 | Valara | Palakkad |
| 33 | Kuppanadagoundannur at Ozhalap | Palakkad |
| 34 | Azhiyur Chunngam at Kunhipally | Kozhikode |

## അനുബന്ധം - 2

| Sl. No. | Name of Check Post | District |
|---|---|---|
| 1. | Amaravila | Thiruvananthapura |
| 2. | Uchakkada | Thiruvananthapura |
| 3. | Kanchanpazhanji (Mavalikadavu) | Thiruvananthapura |
| 4. | Kallikkad | Thiruvananthapura |
| 5. | Palakadavu | Thiruvananthapura |
| 6. | Pirayinmoodu | Thiruvananthapura |
| 7. | Perumpazhuthur | Thiruvananthapura |
| 8. | Mandapathikadavu | Thiruvananthapura |

(signature)
Section officer

GOVERNMENT OF KERALA